കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക

74(500) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് എന്തു തുക കുടിശ്ശിക ഉണ്ടായിരുന്നു ;

(ബി) ഇതുവരെ എന്തു കുടിശ്ശിക തുക കൊടുത്തു തീർത്തിട്ടുണ്ട് ;

(സി) 2000 മാർച്ച് 31 ന് എന്ത് തുക കരാറുകാർക്ക് കുടിശ്ശികയായി കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തുക കൊടുക്കാൻ ബഡ്ജറ്റിൽ പ്രത്യേകമായി തുക മാറ്റി വെച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക

75(501) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിലെ കരാറുകാർക്ക് റോഡുകളും പാലങ്ങളും വിഭാഗത്തിലും കെട്ടിടങ്ങളും ലോക്കൽ വർക്ക്സ് വിഭാഗത്തിലും, റെജിസ്ട്രേഷൻ കോംപ്ലക്സ് വിഭാഗത്തിലും നാഷണൽ ഹൈവേസ് വിഭാഗത്തിലുമായി 31-5-2000 വരെ എന്തു തുക കൊടുത്തുതീർക്കാനുണ്ട് ;

(ബി) ഈ ആവശ്യത്തിനുവേണ്ടി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നുവെന്നും എന്തു തുക 31-5-2000 വരെ കൊടുത്തു തീർത്തുവെന്നും ഇനി എന്തു തുക കുടിശ്ശികയായി അവശേഷിക്കുന്നു എന്നും അറിയിക്കാമോ ;

(സി) കോടതി നിർദ്ദേശാനുസരണം ഈയിനത്തിൽ എന്തു തുക നൽകേണ്ടി വന്നു എന്ന് വിശദമാക്കുമോ ;

(ഡി) വില്ലേജ് റോഡുകളുടെ പണിയിനത്തിൽ 31-5-2000 വരെ കരാറുകാർക്ക് എന്തു തുക കൊടുക്കുവാനുണ്ടെന്നും എന്തു തുക കൊടുത്തു തീർത്തുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതായുള്ള പരാതി

74 (509) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വിഭാഗത്തിന്റെ വീഴ്ചമൂലം പുതിയ റോഡുകളുടേയും മേജർ ഡിസ്ട്രിക്ട് റോഡുകളുടേയും പ്രവർത്തനത്തിന് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തുന്ന തുകകൾ വിനിയോഗിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡുകളുടെയും പാലങ്ങളുടെയും പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വീകരിക്കുന്നതാണ്.

ജനറൽ ആശുപത്രി അറ്റകുറ്റപ്പണി ചെയ്ത കോൺട്രാക്ടർക്ക് ലഭിക്കാനുള്ള കുടിശ്ശിക

77 (504) ശ്രീ. വെങ്ങാനൂർ വി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മാണ അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കോൺട്രാക്ടർമാർക്ക് എന്ത് തുക കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട് ;

(ബി) ബിൽ കുടിശ്ശികയുടെ പേരിൽ കൂടുതലായി വരുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആശുപത്രികളുടെ അടിയന്തിര സ്ഥിതി പരിഗണിച്ച് ബിൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) മൂന്നു ലക്ഷംരൂപ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly